Adjournment Motion

(i) Burning of a Tractor supplied to Agriculturists in Hosdrug by the Agro-Industries Corporation by certain people.

ഡെപ്യൂട്ടി സ്പീക്കർ: ഹോസ്ദുർഗ്ഗിലെ കൃഷിക്കാരുടെ ആവശ്യത്തിനായി കാഞ്ഞങ്ങാട്ടു പഞ്ചായത്തിനു് അഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷൻ നൽകിയ ട്രാക്ടർ, ആയുധധാരികളായ ആറോളം ആളുകൾ, പോലീസിന്റെ സാന്നിദ്ധ്യത്തിൽ തന്നെ പെട്രോൾ ഒഴിച്ചു കത്തിച്ചു നശിപ്പിച്ചതിനെത്തുടർന്നു് സ്ഥലത്തുള്ളവായിട്ടുള്ള ഗുരുതരാവസ്ഥയെപ്പറ്റി ചർച്ച ചെയ്യാൻ ശ്രീ. എൻ. കെ. ബാലകൃഷ്ണൻ ഒരടിയന്തിര പ്രമേയത്തിനു നോട്ടീസു നൽകിയിട്ടുണ്ടു്.

ശ്രീ. എം. കെ. കൃഷ്ണൻ: സർ, ഇതുസംബന്ധിച്ചു ഗവണ്മെൻറിനു വിവരമൊന്നും കിട്ടിയിട്ടില്ല. അടിയന്തിരമായി അന്വേഷിച്ചു വേണ്ട നടപടിയെടുക്കാൻ ആവശ്യപ്പെടുന്നതാണു്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: സർ, ഒരു.....

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ. ഗവണ്മെൻറിനു് ഇതുസംബന്ധിച്ച വിവരമൊന്നും കിട്ടിയിട്ടില്ലെന്നു പറഞ്ഞു. വിവരമറിഞ്ഞു മറുപടി പറയുമ്പോൾ സംശയം ഉള്ളതു ചോദിക്കാം.

അങ്കമാലി ട്രാൻസ്ഫാർമേഴ്സ് ആൻഡു ഇലക്ട്രിക്കൽസ് ലിമിറ്റഡ് ലാക്കൗട്ടുചെയ്തതിനെയും, കമ്പനിയിൽ പോലീസു് ഇടപ്പെട്ടതിനെയും പ്രതിഷേധിച്ചു് അമ്പതോളം തൊഴിലാളികൾ സെക്രട്ടറിയറ്റു പടിക്കൽ സത്യാഗ്രഹം നടത്തുന്നതു നിടയാക്കിയിട്ടുള്ള സ്ഥിതിഗതികൾമൂലം സംജാതമായിട്ടുള്ള ഗുരുതരാവസ്ഥയെപ്പറ്റി ചർച്ചചെയ്യുന്നതിനു് സർവ്വശ്രീ എ. പി. കുര്യനും, സി. കെ. രാജനും അടിയന്തിരപ്രമേയത്തിനു നോട്ടീസു നൽകിയിട്ടുണ്ടു്.

സംസ്ഥാന ഗവണ്മെൻറിന്റെ വിജിലൻസു കമ്മിഷണർ ചട്ടങ്ങൾക്കു വിരുദ്ധമായി സർക്കാർ ആഫീസുകളിൽ, വിശേഷിച്ചു് മലപ്പുറംജില്ലാ വിദ്യാഭ്യാസ ആഫീസിൽ കയറി പരിശോധന നടത്തുകയും, ഉദ്യോഗസ്ഥന്മാരെ ഭീഷണിപ്പെടുത്തുകയും ചെയ്തതു നിമിത്തം ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ഉണ്ടായിട്ടുള്ള ഭീതിയേയും അരക്ഷിതാവസ്ഥയെയുംപറ്റി ചർച്ചചെയ്യാൻ ശ്രീ പി. എം. അബൂബേക്കർ ഒരടിയന്തിര പ്രമേയത്തിനു നോട്ടീസു നൽകിയിട്ടുണ്ടു്. ഇവ വേണ്ട നടപടികൾക്കായി ബന്ധപ്പെട്ട മന്ത്രിമാർക്കു അയച്ചുകൊടുക്കുന്നതാണു്. ഇന്നലത്തെ ഒരു അടിയന്തിരപ്രമേയത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി മറുപടി പറയാനുണ്ടു്.

(ii) Hungerstrike by the Students of the Mar Athnesius College, Kothamangalam.

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ: സർ, ഇന്നലെ ബഹുമാനപ്പെട്ട മെമ്പർ ടി. എം. മീതിയൻ, കോതമംഗലം മാർ അത്തനേഷ്യസു ആർട്സു കാളേജിലുണ്ടായ ഒരു സംഭവത്തെ സംബന്ധിച്ചു അടിയന്തിരപ്രമേയത്തിനു നോട്ടീസു നൽകുകയുണ്ടായി. ആ സംഭവത്തിന്റെ പശ്ചാത്തലത്തെ സംബന്ധിച്ചു് എനിക്കു കിട്ടിയ വിവരങ്ങൾ ആദ്യമായി സഭമുമ്പാകെ വയ്ക്കാം:

12–9–1969–ൽ എറണാകുളം ജില്ലയിലെ കോതമംഗലം മാർ അത്തനേഷ്യസ് കാളേജിലെ വിദ്യാർത്ഥികൾ, കൊല്ലത്തെ ചില വിദ്യാർത്ഥികളുടെ നേരേ, ഫാത്തിമാ മാതാ കാളേജിലെ പ്രക്ഷോഭം സംബന്ധിച്ചുനടത്തിയ മർദ്ദനത്തെ പ്രതിഷേധിച്ചു കൊണ്ടു് ക്ലാസുകളിൽനിന്നു മാറി നിൽക്കുകയും പഠിപ്പു മുടക്കുകയും ചെയ്തു. അതിനെ തുടർന്നു കോതമംഗലം കാളേജിലെ വിദ്യാർത്ഥികൾ രണ്ടുഗോഗമായി

LIBRARY ARCHIVES Kerala Legislative Assembly